PAN/5456/2021-E3(DP)

**പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം**
**സ്വരാജ് ഭവൻ,നന്തൻകോട്**
**കവടിയാർ പി.ഒ. തിരുവനന്തപുരം - 695003**
directorofpanchayat@gmail.com
**0471-2323286 തീയതി : 12/09/2022**

## നോട്ടീസ്

വിഷയം: പഞ്ചായത്ത് വകുപ്പ് - അക്കൌണ്ടന്റ് /ഹെഡ്ക്ലാർക്ക് തസ്തികയിലെ സീനിയോരിറ്റി പുന ക്രമീകരിച്ച് നൽകുന്നത് - സംബന്ധിച്ച്

സൂചന:
1. പഞ്ചായത്ത് ഡയറക്ടറുടെ 27/05/2022 തീയതിയിലെ പാൻ/3936/2022-ഇ 5 നം ഉത്തരവ്
2. പഞ്ചായത്ത് ഡയറക്ടറുടെ 23/05/2018 തീയതിയിലെ പാൻ/38675/2017-ഇ 5(ഡിപി) നമ്പർ ഉത്തരവ്
3. പഞ്ചായത്ത് ഡയറക്ടറുടെ 1/07/2019 ലെ ഇ 3-27043/18 ഉത്തരവ്

മലപ്പുറം ജില്ലയിലെ നന്നമുക്ക് ഗ്രാമ പഞ്ചായത്തിലെ ഹെഡ്ക്ലാർക്കായ ശ്രീമതി ശ്രീകല വി.ആർ എന്നവരുടെ സീനിയർ ക്ലാർക്ക് തസ്തികയിലെ സീനിയോരിറ്റി സൂചന (1) പ്രകാരം പുനർ ക്രമീകരിച്ച് നൽകിയിരുന്നു. ആയത് പ്രകാരം ശ്രീമതി ശ്രീകല വി.ആർ യുടെ സീനിയോരിറ്റി സൂചന (2) പ്രകാരമുള്ള സീനിയോരിറ്റി ലിസ്റ്റിൽ സ്ഥാനക്രമം 224 ആയിട്ടുള്ള ശ്രീമതി ജയശ്രീ ആർ .കെ. എന്നയാൾക്ക് മുമ്പിലായും, സ്ഥാനക്രമം 223 ആയിട്ടുള്ള ശ്രീ. അരുൺ കുമാറിന് ശേഷവുമായി 223(1) ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടിയാളുടെ അക്കൌണ്ടന്റ് /ഹെഡ്കളാർക്ക് തസ്തികയിലെ സീനിയോരിറ്റിയും പുനക്രമീകരിച്ച് നൽകേണ്ടതായി കാണുന്നു.

ശ്രീമതി ശ്രീകല വി.ആർ. -ന് 03/01/2017 ലെ ഇ 13/13/17 നമ്പർ ഉത്തരവ് പ്രകാരം അക്കൌണ്ടന്റ് തസ്തികയിൽ പ്രോമോഷൻ അനുവദിക്കുകയും സൂചന (3) ഉത്തരവ് (03/09/2008 - 30/11/2018 വരെയുള്ള കാലയളവിലെ ) പ്രകാരം അക്കൌണ്ടന്റ്/ഹെഡ്ക്ലാർക്ക് തസ്തികയിലെ സീനിയോരിറ്റി ലിസ്റ്റിൽ 3743 ആയി ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്.

എന്നാൽ സൂചന (1) പ്രകാരം ശ്രീമതി ശ്രീകലയുടെ സീനിയർ ക്ലാർക്കിലെ സീനിയോരിറ്റി പുനർനിർണ്ണയിച്ചത് പ്രകാരം ഫീഡർ കാറ്റഗറിയിൽ ടിയാളുടെ സീനിയോരിറ്റി 223(1) ആയിട്ടുണ്ട്. ആയതിനാൽ സൂചന (3) പ്രകാരമുള്ള അക്കൌണ്ടന്റ് /ഹെഡ്ക്ലാർക്ക് തസ്തികയിലെ സീനിയോരിറ്റിയിലെ ശ്രീമതി ശ്രീകലയുടെ 3743 എന്ന സ്ഥാനക്രമം റദ്ദ് ചെയ്ത് പ്രസ്തുത സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട് വരുന്ന ശ്രീ. അരുൺ ഇ.കെ. യുടെ സീനിയോരിറ്റി നം 3506 (ഫീഡർ കാറ്റഗറി നം 223) നമ്പറിന് ശേഷവും പ്രസ്തുത സീനിയോരിറ്റി ലിസ്റ്റിൽ ടിയാളുടെ ജൂനിയറായ ശ്രീമതി ജയശ്രീ ആർ.കെ. യുടെ സീനിയോരിറ്റി നം 3507 ന് (ഫീഡർ കാറ്റഗറി നം 224) മുൻപിലായും 3506 (എ) എന്ന് സ്ഥാനക്രമം നൽകി പുനക്രമീകരിക്കാവുന്നതായി കാണുന്നു.

| സീനിയോരിറ്റി നമ്പർ | ജീവനക്കാരന്റെ /ജീവനക്കാരിയുടെ പേര് | ജനനതീയതി | ഫീഡർ കാറ്റഗറി നം | സ്ഥാനകയറ്റം ലഭിച്ച തീയതി |
|---|---|---|---|---|
| 3506 | അരുൺ.ഇ.കെ | 12/12/1979 | 223 | 21/06/2017 |
| 3506(എ) | ശ്രീകല വി.ആർ | 09/03/1976 | 223(1) | 03/01/2017 |
| 3507 | ജയശ്രീ.ആർ കെ | 25/05/1964 | 224 | 21/06/2017 |

മേൽ പ്രകാരം ശ്രീമതി ശ്രീകലയുടെ സീനിയോരിറ്റി പുനക്രമീകരിച്ച് നൽകുന്നതിന് ആക്ഷേപം

ഉള്ളവർ ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് 15 ദിവസത്തിനകം ബന്ധപ്പെട്ട രേഖകൾ സഹിതം ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

H. DINESHAN IAS
DIRECTOR OF PANCHAYATH

പകർപ്പ്

1. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
(എല്ലാ ജീവനക്കാരും നോട്ടീസ് കണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്).

2.എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും( പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)

3.ശ്രീമതി ശ്രീകല വി ആർ

4..അധികം കരുതൽ

Signature Not Verified

Digitally signed by DINESHAN H
Date: 2022.09.12 12:52:29 IST
Reason: Approved